**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1468** **04-07-2022 - ൽ മറുപടിയ്ക്ക്**

**വട്ടിയൂർക്കാവ് മണ്ഡലത്തിലെ റവന്യൂവകുപ്പിന്റെ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി കെ പ്രശാന്ത് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | വട്ടിയൂർക്കാവ് നിയോജകമണ്ഡലത്തിൽ റവന്യൂ വകുപ്പ് നേരിട്ടും വകുപ്പിന് കീഴിലെ മിഷനുകൾ, ഏജൻസികൾ, ബോർഡുകൾ എന്നിവ മുഖാന്തിരവും നടപ്പാക്കി വരുന്ന പദ്ധതികൾ സംബന്ധിച്ച തൽസ്ഥിതി റിപ്പോർട്ട് ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | വട്ടിയൂർക്കാവ് നിയോജക മണ്ഡലത്തിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി കുടപ്പനക്കുന്ന്, കവടിയാർ എന്നീ വില്ലേജ് ഓഫീസുകളുടെ പുതിയ സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടുള്ളതും അവയുടെ നിർമ്മാണം പുരോഗമിച്ചു വരികയുമാണ്. |
| (ബി) | 2019-20, 2020-21, 2021-22, 2022-23 സംസ്ഥാന ബഡ്ജറ്റുകളിൽ പ്രഖ്യാപിച്ചിട്ടുള്ളതും റവന്യൂ വകുപ്പ് നേരിട്ടും വകുപ്പിന് കീഴിലെ മിഷനുകൾ, ഏജൻസികൾ, ബോർഡുകൾ എന്നിവ മുഖാന്തിരവും നടപ്പിലാക്കേണ്ട പ്രസ്തുത മണ്ഡലത്തിൽ ഉൾപ്പെടുന്ന പദ്ധതികൾ ഏതൊക്കെയാണെന്നും അവയുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ; | (ബി) | വട്ടിയൂർക്കാവ് നിയോജക മണ്ഡലത്തിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി കുടപ്പനക്കുന്ന്, കവടിയാർ എന്നീ വില്ലേജ് ഓഫീസുകളുടെ പുതിയ സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടുള്ളതും അവയുടെ നിർമ്മാണം പുരോഗമിച്ചു വരികയുമാണ്. |
| (സി) | പ്രസ്തുത മണ്ഡലത്തിൽ 2021 ഏപ്രിൽ മാസത്തിന് ശേഷം റവന്യൂ വകുപ്പ് നേരിട്ടും വകുപ്പിന് കീഴിലെ മിഷനുകൾ, ഏജൻസികൾ, ബോർഡുകൾ എന്നിവ മുഖാന്തിരവും പൂർത്തീകരിച്ച പദ്ധതികളുടെ ഫണ്ട്, ഭരണാനുമതി തുക, എസ്റ്റിമേറ്റ് തുക, ചെലവഴിച്ച തുക എന്നിവ ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | വട്ടിയൂർക്കാവ് നിയോജക മണ്ഡലത്തിൽ 2021 എപ്രിൽ മാസത്തിന് ശേഷം പൂർത്തീകരിച്ച പദ്ധതികൾ ഒന്നും തന്നെ നിലവിലില്ലാത്തതാണ്. |

സെക്ഷൻ ഓഫീസർ